**കേരള സർക്കാർ**

പതിമൂന്നാം കേരള നിയമസഭ

11-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2199**

**17.06.2014 -ാം തീയതിയിലെ മറുപടിയ്ക്ക്**

**<u>സർക്കാർ ജീവനക്കാർക്കുള്ള ഹൗസിംഗ് ലോൺ അധികതുകയുടെ പരിധി</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കോവൂർ കുഞ്ഞുമോൻ** | | **ശ്രീ.കെ.എം.മാണി**<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| എ) | കഴിഞ്ഞ സാമ്പത്തിക വർഷം (2013-14) -ൽ എത്ര ജീവനക്കാർക്ക് ഹൗസിംഗ് ലോൺ അനുവദിച്ചിട്ടുണ്ട്; ഈ ഇനത്തിൽ വിതരണം ചെയ്ത തുകയുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | 2013-14 സാമ്പത്തിക വർഷം **2664** ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനതല ഭവന നിർമ്മാണ വായ്പ സീനിയോറിറ്റി ലിസ്റ്റിലെ മുൻഗണനാക്രമത്തിൽ 2013-14 സാമ്പത്തിക വർഷം വകുപ്പ് തലവൻമാർ മുഖേന **199.80** കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ച് ഭവന നിർമ്മാണ വായ്പ അലോട്ട്മെന്റ് നൽകുന്നില്ല. |
| ബി) | ലഭിച്ച വായ്പയിൽ അധികമായി വേണ്ടി വരുന്ന തുകയ്ക്ക് വായ്പാ പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡം വ്യക്തമാക്കുമോ; | അധികവായ്പ സംസ്ഥാന സർക്കാർ അനുവദിക്കുന്നില്ല. അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അധികവായ്പ ലഭ്യമാക്കാൻ പരിധി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും ഭവന വായ്പ എടുത്തവർക്ക് സർക്കാരിലേക്ക് പണയപ്പെടുത്തി നൽകിയിട്ടുള്ള വസ്തുവിന്റെ ഈടിന്മേൽ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 25 ലക്ഷം രൂപ വരെ) അധികവായ്പ അനുവദിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) ഇത്തരത്തിൽ അധിക തുക വായ്പ അനുവദിച്ചവരുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | ബാധകമല്ല. |

SKS [signature]

**സെക്ഷൻ ഓഫീസർ**